# കേരള കാർഷികസർവകലാശാല

## പ്രാദേശിക കാർഷിക ഗവേഷണകേന്ദ്രം പിലിക്കോട്

കാസറഗോഡ്–671310, 04672 260632, rarspil@kau.in


ബി3–3842/2024 തീയതി: 30.10.2024

### ദർഘാസ് പരസ്യം

പിലിക്കോട് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ കർഷക പങ്കാളിത്തത്തോടെ മേൽത്തരം സങ്കരയിനം തെങ്ങിൻ തൈകളുടെ ഉത്പാദനത്തിനായി വിദഗ്ധരുടെ മേൽ നോട്ടത്തിൽ പോളിനേഷൻ ജോലികൾ ചെയ്തു നൽകുന്നതിന് പരിചയ സമ്പന്നരായ സന്നദ്ധതയുള്ള വ്യക്തികളിൽ നിന്നും താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി മുദ്രവെച്ച ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു.

| | |
|---|---|
| ദർഘാസ് പരസ്യ നമ്പർ | **B3–3842/2023** |
| ദർഘാസ് സ്വീകരിക്കുന്നതിനുള്ള അവസാന തീയതി | **11.11.2024, 3 pm** |
| ദർഘാസ് തുറക്കുന്ന തീയതി | **11.11.2024, 3.30 pm** |
| ദർഘാസ് കാലാവധി | **ഒരു വർഷം** |
| ദർഘാസ് സ്വീകരിക്കുന്ന ഉദ്യോഗസ്ഥന്റെ പേരും മേൽ വിലാസവും | **അസോസിയേറ്റ് ഡയറക്ടർ, പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, പിലിക്കോട്** |
| നിരത ദ്രവ്യം | **1500** |
| ദർഘാസ് അടക്കം ചെയ്ത കവറിനു പുറത്ത് രേഖപ്പെടുത്തേണ്ടത്. | **"പോളിനേഷൻ ജോലികൾ ചെയ്ത് നൽകുന്നതിനുള്ള ദർഘാസ്"** |

**നിബന്ധനകൾ:**

1. 45 തെങ്ങുകളുടെ പോളിനേഷൻ ജോലികൾ ഒരാൾ ഒരു ദിവസം നിർവ്വഹിക്കേണ്ടതാണ്. ഇത്തരത്തിൽ മൊത്തം 16 ആൾക്കാരുടെ സേവനം കരാറുകാരൻ ലഭ്യമാക്കേണ്ടതാണ്. സാധാരണയായി ഡിസംബർ മുതൽ മെയ് മാസം വരെ മാത്രമാണ് പോളിനേഷൻ ജോലികൾ നിർവ്വഹിക്കേണ്ടിവരിക.
2. ജോലിക്ക് നിയോഗിക്കപ്പെടുന്ന തൊഴിലാളികൾക്ക് പോളിനേഷൻ ജോലിയിൽ മുൻപരിചയം ഉണ്ടായിരിക്കണം.
3. തെങ്ങിൽ പോളിനേഷൻ ജോലികൾ ചെയ്യേണ്ട വിധം വിദഗ്ധർ നിർദ്ദേശിക്കുന്നതും ആവശ്യമെങ്കിൽ യുക്തമായ പരിശീലനം നൽകുന്നതുമാണ്. ഇത്തരം പരിശീലനത്തിലുള്ള സാമ്പത്തിക ബാധ്യതകളോ, അപകട സാധ്യതകളുടെ ഉത്തരവാദിത്തമോ കേന്ദ്രത്തിനുണ്ടായിരിക്കില്ല.
4. പോളിനേഷൻ പ്രവൃത്തി ഏറ്റെടുത്ത് നടത്തവെ തൊഴിലാളികൾക്കുണ്ടാകുന്ന അപകടങ്ങൾക്കും കഷ്ടനഷ്ടങ്ങൾക്കും കരാറുകാരൻ മാത്രം ഉത്തരവാദിയായിരിക്കും. കൂടാതെ കർഷകരുടെ തെരഞ്ഞെടുക്കപ്പെട്ട തെങ്ങുകൾക്ക് പോളിനേഷൻ പ്രവൃത്തിമൂലം യാതൊരു കേടുപാടും സംഭവിക്കാൻ പാടില്ലാത്തതും അങ്ങനെ സംഭവിച്ചാലുള്ള ഉത്തരവാദിത്തം കരാറുകാരൻ ഏൽക്കേണ്ടതുമാണ്.
5. ജോലിക്ക് നിയോഗിക്കപ്പെടുന്ന തൊഴിലാളിയുടെ നിയമപരമായ പരിരക്ഷ ദർഘാസുകാരനിൽ നിക്ഷിപ്തമായിരിക്കും. ഒരോ തൊഴിലാളിയും തെങ്ങിൽ കയറി ജോലികൾ നിർവ്വഹിക്കത്തക്കവിധം ആരോഗ്യവാനാണ് എന്ന് കാണിക്കുന്ന മെഡിക്കൽ ഫിറ്റ്നസ് ഹാജരാക്കേണ്ടതും ഒരുവർഷത്തേക്കുള്ള വ്യക്തിഗത അപകട ഇൻഷുറൻസ് എടുത്തിരിക്കേണ്ടതുമാണ്.

6. കരാർ പ്രവൃത്തി ഏറ്റെടുത്ത് നിർവ്വഹിക്കുന്ന കരാറുകാരനോ, തൊഴിലാളിക്കോ ഇക്കാരണത്താൽ കേരള കാർഷിക സർവ്വകലാശാലയിലെ മറ്റ് ജോലികളിൽ യാതൊരുവിധ ആനുകൂല്യങ്ങളോ, അവകാശവാദങ്ങൾക്കുള്ള അവസരമോ തുടർന്നും ഉണ്ടായിരിക്കുന്നതല്ല.
7. പോളിനേഷൻ ജോലികൾ നിർവ്വഹിക്കുന്നതിനാവശ്യമായ സാധന സാമഗ്രികൾ ഈ കേന്ദ്രത്തിൽ നിന്ന് നൽകുന്നതായിരിക്കും.
8. ദർഘാസ് സ്വീകരിക്കപ്പെട്ടുകഴിഞ്ഞാൽ ഉത്തരവ് കൈപ്പറ്റി 7 ദിവസത്തിനകം നിശ്ചയിക്കപ്പെട്ട സെക്യൂരിറ്റി തുക നിക്ഷേപമായി ഒടുക്കേണ്ടതും പ്രവർത്തികളുടെ കൃത്യമായ നിർവ്വഹണം ഉറപ്പാക്കുന്നതിനായി ഇരുന്നൂറ് രൂപയുടെ മുദ്രപത്രത്തിൽ കരാർ എഴുതി നൽകേണ്ടതുമാണ്. കരാർ പ്രകാരം ഏറ്റെടുത്ത പോളിനേഷൻ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിൽ വീഴ്ച വരുത്തുന്ന പക്ഷം കേന്ദ്രത്തിനുണ്ടാകുന്ന നഷ്ടങ്ങൾക്ക് കരാറുകാരൻ ഉത്തരവാദിയാകുന്നതും നിശ്ചയിക്കുന്ന തുക സെക്യൂരിറ്റി തുകയിൽ നിന്നും വസൂലാക്കുന്നതുമാണ്.
9. ദർഘാസിൽ വിജയിയായി ഉത്തരവ് കൈപ്പറ്റുന്ന വ്യക്തി 15 ദിവസത്തിനകം കേന്ദ്രത്തിലെ ശാസ്ത്രജ്ഞരുടെ നിർദേശാനുസരണം ജോലികൾ ആരംഭിക്കേണ്ടതാണ്. തെങ്ങുകളുടെ എണ്ണത്തിനനുസരിച്ച് തൊഴിലാളികളുടെ എണ്ണം ക്രമീകരിക്കാൻ ദർഘാസുകാരൻ ബാധ്യസ്ഥനായിരിക്കും.
10. തെങ്ങിൽ കയറുമ്പോൾ കഴിഞ്ഞ തവണ പരാഗണം നടത്തിയ വിളഞ്ഞ തേങ്ങകൾ യഥാസമയം വിളവെടുത്ത് തരുന്നതും, പരാഗണം നടത്തുന്ന തൊഴിലാളികളുടെ ഉത്തരവാദിത്വമായിരിക്കും.
11. ദർഘാസുകാരൻ നിർബന്ധമായും പാൻകാർഡ് ഉള്ള വ്യക്തി ആയിരിക്കണം. ഒരോ മാസവും നിർവ്വഹിച്ച പ്രവൃത്തിയുടെ ഇൻവോയ്സ് ഹാജരാക്കുന്ന മുറയ്ക്ക് പ്രതിഫലം ആവശ്യമെങ്കിൽ ആദായ നികുതി ഈടാക്കിയതിനുശേഷം ബാങ്ക് അക്കൗണ്ടിലൂടെ നൽകുന്നതാണ്.
12. ദർഘാസ് സ്വീകരിക്കുന്നതിനോ കാരണം കാണിക്കാതെ തള്ളിക്കളയുന്നതിനോ ഉള്ള പൂർണ്ണ അധികാരം അസോസിയേറ്റ് ഡയറക്ടറിൽ നിക്ഷിപ്തമാണ്. സർക്കാർ ദർഘാസിന്റെ പ്രസക്തമായ എല്ലാ നിയമങ്ങളും ഇതിനും ബാധകമാണ്.
13. ദർഘാസ് സ്വീകരിക്കുന്ന അവസാന ദിവസം ഏതെങ്കിലും കാരണവശാൽ അവധിയാവുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ ഈ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്. ഫോൺ:04672260632.

ഒപ്പ്/-
ഡോ.വനജ.ടി
അസോസിയേറ്റ് ഡയറക്ടർ

സ്വീകർത്താവ്:
1. നോട്ടീസ് ബോർഡ്, ഓഫീസ്/ഫാം
2. പഞ്ചായത്ത് ഓഫീസ് പിലിക്കോട്/ചെറുവത്തൂർ, നീലേശ്വരം മുനിസിപ്പാലിറ്റി
3. ശ്രീ.രതീഷ്.പി.കെ, അസോസിയേറ്റ് പ്രൊഫസർ
4. ഫാം സൂപ്രണ്ട്
5. വെബ്സൈറ്റ്/ വാട്ട്സപ്പ് ഗ്രൂപ്പ്

// അംഗീകാരത്തോടെ//

സെക്ഷൻ ഓഫീസർ